പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.793** **30/06/2015-ൽ മറുപടിക്ക്**

## 108 ആംബുലൻസ് പദ്ധതി

**ചോദ്യം**

ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
ശ്രീ.ജെയിംസ് മാത്യു
ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ
ശ്രീ.വി.ചെന്താമരാക്ഷൻ

**മറുപടി**

ശ്രീ. വി എസ് ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | 108 ആംബുലൻസ് പദ്ധതി എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുമെന്ന പ്രഖ്യാപനം നടപ്പിലായിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം അറിയിക്കാമോ ; | (എ) | നടപ്പിലാക്കിയിട്ടില്ല. 14.07.2014-ൽ '108' ആംബുലൻസിന്റെ മാനേജിംഗ് ഏജൻസിയായ കെ.എം.എസ്.സി.എൽ. ഒരു ടെൻഡർ ക്ഷണിക്കുകയും, അതിൽ ജി.വി.കെ., ഇ.എം.ആർ.ഐ. എന്ന കമ്പനി ആംബുലൻസുകളുടെ പ്രതിമാസ പ്രവർത്തനങ്ങൾക്കായി ഏറ്റവും കുറഞ്ഞ നിരക്കുകൾ സമർപ്പിക്കുകയുമുണ്ടായി. എന്നാൽ ക്യാബിനറ്റ് അംഗീകരിച്ച നിരക്കുകൾ അംഗീകരിക്കാത്ത കമ്പനി ടെണ്ടർ പ്രൈസിംഗ് പുന:പരിശോധിക്കാനായി സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു. |
| (ബി) | ഈ പ്രഖ്യാപനത്തിനനുസൃതമായി ഇതുവരെ സംസ്ഥാനസർക്കാർ ചെലവിട്ട തുക എത്രയാണെന്നറിയിക്കുമോ; | (ബി) | '108' ആംബുലൻസ് പദ്ധതി എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുമെന്ന പ്രഖ്യാപനത്തിനനുസൃതമായി സംസ്ഥാന സർക്കാർ ഇതുവരെ തുകയൊന്നും ചെലവഴിച്ചിട്ടില്ല. |
| (സി) | മുൻ സർക്കാരിന്റെ കാലത്ത് തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിൽ ആരംഭിച്ച നിലവിലുള്ള '108' ആംബുലൻസ് സർവ്വീസ് കാര്യക്ഷമമായി നടക്കുന്നില്ലെന്ന പരാതിയുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നറിയിക്കുമോ; | (സി) | തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിൽ ആരംഭിച്ച നിലവിലുള്ള '108' ആംബുലൻസ് സർവ്വീസ് കരാറിന് അനുസൃതമായി നടക്കാത്ത സാഹചര്യത്തിൽ ഓപ്പറേറ്റിംഗ് ഏജൻസിക്ക് കരാർപ്രകാരം കൊടുക്കുവാനുള്ള തുകയിൽ നിന്നും പിഴ ഈടാക്കിയിട്ടുണ്ട്. |
| (ഡി) | ഇവയുടെ സർവ്വീസിൽ അക്കൗണ്ടന്റ് ജനറൽ ചൂണ്ടിക്കാണിച്ച ക്രമക്കേടുകൾ എന്തൊക്കെയായിരുന്നു ; ആയതുപ്രകാരം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നറിയിക്കുമോ? | (ഡി) | '108' ആംബുലൻസിന്റെ സേവനത്തിൽ അക്കൗണ്ടന്റ് ജനറൽ വളരെയധികം ക്രമക്കേടുകൾ ആരോപിച്ചിരുന്നു. അതിൽ പ്രധാനപ്പെട്ടത് ഓപ്പറേറ്റിംഗ് ഏജൻസിയായിരുന്ന 'സികിത്സ ഹെൽത്ത് കെയർ' എന്ന കമ്പനിയ്ക്ക് ഉടമ്പടി പ്രകാരം 2000 കി.മി.നു മുകളിൽ അധിക ചാർജ്ജ് നൽകി |

| | | | |
|---|---|---|---|
| | | | എന്നുള്ളതാണ്. അതിനെ സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടന്നുവരുന്നുണ്ട്. പിന്നീടുള്ള ഓപ്പറേറ്റിംഗ് ഏജൻസിയായ ജി.വി.കെ. ഇ.എം.ആർ.ഐ.യ്ക്ക് വാഹനങ്ങൾ ഓടാതിരുന്നിട്ടും തുക നൽകി എന്നുള്ളതായിരുന്നു മറ്റൊരു ആരോപണം. അതിൻപ്രകാരം ആദ്യ മൂന്ന് മാസങ്ങളിലും ഓടാതിരുന്ന വാഹനങ്ങൾക്ക് കരാർപ്രകാരമുള്ള പിഴ കണക്കാക്കി കോർപ്പറേഷന്റെ ഡയറക്ടർ ബോർഡിന് മുൻപാകെ വയ്ക്കുകയും, ബോർഡ് നിർദ്ദേശപ്രകാരം പ്രസ്തുത തുക തടഞ്ഞുവയ്ക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ